

# Dream -2025

## അക്കാദമിക് മാസ്റ്റർപ്ലാൻ 2025-26

## Assumption AUPS Bathery



# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | അസംപ്ഷൻ എ.യു.പി. സ്കൂൾ |
| ഫോൺ നമ്പർ | : | 04936 225060, 9188237743 |
| സ്കൂൾ കോഡ് - | : | 15380 |
| ഇ-മെയിൽ ഐഡി | : | hmaupsby@gmail.com |
| വിഭാഗം | : | എയ്ഡഡ് |
| മാനേജ്മെന്റ് | : | കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസി, മാനന്തവാടി രൂപത. |
| വിദ്യാഭ്യാസ ജില്ല | : | വയനാട് |
| വിദ്യാഭ്യാസ ഉപജില്ല | : | സുൽത്താൻബത്തേരി |
| മുൻസിപ്പാലിറ്റി | : | സുൽത്താൻബത്തേരി |
| ബി.ആർ.സി | : | സുൽത്താൻബത്തേരി |
| സി.ആർ.സി | : | സുൽത്താൻബത്തേരി |
| കോർപ്പറേറ്റ് മാനേജർ | : | റവ.ഫാ. സിജോ ഇളംകുന്നപ്പുഴ |
| മാനേജർ | : | റവ. ഫാ.തോമസ് മണക്കുന്നേൽ |
| ഹെഡ്മാസ്റ്റർ | : | ശ്രീ. ഷോജി ജോസഫ് |
| ഫോൺ നമ്പർ | : | 9495318347 |

## അധ്യാപകരുടെ എണ്ണം

| | | | | | |
|---|---|---|---|---|---|
| ഹെഡ്മാസ്റ്റർ | : | 1 | | | |
| എൽ.പി.എസ്.റ്റി | : | 16 | യു.പി.എസ്.റ്റി | : | 19 |
| മ്യൂസിക് | : | 1 | ഹിന്ദി | : | 3 |
| സംസ്കൃതം | : | 1 | ഉറുദു | : | 1 |
| അറബി | : | 2 | എച്ച്.റ്റി.വി | : | 1 |

ഒ.എ -1

## കുട്ടികളുടെ എണ്ണം

| | | |
|---|---|---|
| ആൺകുട്ടികൾ | : | 858 |
| പെൺകുട്ടികൾ | : | 775 |
| ആകെ കുട്ടികൾ | : | 1633 |

# ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി എല്ലാ കുട്ടികളും എഴുതുകയും വായിക്കുകയും ചെയ്യുന്നതിനോടൊപ്പം ഓരോ കാലഘട്ടത്തിനും ദേശാന്തരങ്ങൾക്കും അനുസരിച്ച് മാറിവരുന്ന താൽപര്യങ്ങൾക്കും അവബോധങ്ങൾക്കും തിരിച്ചറിവുകൾക്കുമൊപ്പം നിലകൊണ്ട് കേരളത്തിന്റെ പൊതു വിദ്യാഭ്യാസ രംഗത്തിന് പുതിയ ഊർജവും കരുത്തും പകർന്ന് ബത്തേരി അസംപ്ഷൻ എ യു പി സ്കൂൾ, 2025-26 അധ്യയന വർഷത്തെ, പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുടെ ആസൂത്രണം തയ്യാറാക്കിയിരിക്കുന്നു.

നൂതന സാങ്കേതികവിദ്യയുടെ പിൻബലത്തോടെ സ്വയം പഠനവും വിമർശനാത്മക വിലയിരുത്തലും വഴി സ്കൂൾ, കുട്ടി, വീട്, രക്ഷിതാക്കൾ, അധ്യാപകർ, പൊതുസമൂഹം എന്നീ കണ്ണികളെ പരസ്പരം ചേർത്തിണക്കിക്കൊണ്ട് ഓരോ കുട്ടിയും സ്വയം അറിവ് നിർമ്മിക്കുന്നതും ആർജിക്കുന്നതും സമഭാവനയുടെയും സൗഹൃദത്തിന്റെതുമായ അന്തരീക്ഷം വിദ്യാലയത്തിൽ തന്നെ സൃഷ്ടിച്ചെടുക്കുവാനും വിവിധ വിഷയങ്ങളുടെ പഠന പ്രവർത്തനങ്ങളുടെ രൂപകല്പനയിലൂടെ സാധ്യമായിട്ടുണ്ട്.

. എല്ലാ കുട്ടികളിലും എഴുത്തും വായനയും ഉറപ്പാക്കുന്നതിനോടൊപ്പം കുട്ടികളിൽ ഉണ്ടായിട്ടുള്ള പഠന വിടവുകൾ നികത്തുന്നതിനും സ്വയം വിലയിരുത്തൽ, പരസ്പര വിലയിരുത്തൽ, പഠന പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം എന്നിവ ഉറപ്പുവരുത്തുന്നതും ഈ കർമ്മ പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. വായനയിലും എഴുത്തിലും നൈപുണ്യം നേടുന്നതിനോടൊപ്പം ഭാഷാ വികാസം, സർഗാത്മക മേഖല, വൈജ്ഞാനിക മേഖല, വൈകാരിക മേഖല എന്നിങ്ങനെ കുട്ടികളുടെ എല്ലാ തലത്തിലുമുള്ള അവസ്ഥകളെ പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

ഭാവിജീവിതം കൂടുതൽ തെളിച്ചം ഉള്ളതാക്കുവാനും വെല്ലുവിളികൾ നേരിടാനുമുള്ള മാനസിക കരുത്ത് നേടുവാനും ഒരു പുതിയ ലോകം കെട്ടിപ്പിടിക്കുന്നതിനും തുറന്നു കിട്ടുന്നതിനുമുള്ള അവസരങ്ങൾ സൃഷ്ടിച്ചെടുക്കുന്നതിന്, ഉതകുന്ന വിധത്തിൽ കുട്ടികളും, അധ്യാപകരും, പൊതുസമൂഹവും പ്രാപ്തമാകുന്ന വിധത്തിലുള്ള പഠനപ്രവർത്തനങ്ങളാണ് ക്രമീകരിച്ചിരിക്കുന്നത്.

# പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നിന്നും നേടേണ്ട ശേഷി കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2. കുട്ടിയുടെ സർഗ്ഗപരവും, കായികപരവും, അക്കാദമികപരവുമായ കഴിവുകൾ പരമാവധി വികസിപ്പിച്ച് സംസ്ഥാന, ദേശീയ, അന്തർദേശീയ തലങ്ങളിൽ അവരെ മികച്ച പൗരന്മാരാക്കി വളർത്തുക.

3. ഗണിതം, ശാസ്ത്രം, സോഷ്യൽസയൻസ് തുടങ്ങിയ വിഷയങ്ങളുടെ പഠനം എളുപ്പമാക്കുന്നതിന് അനുയോജ്യമായ പാട്ടുകൾ, വായ്ത്താരികൾ എന്നിവ ശേഖരിക്കുകയും പരിശീലനം നൽകുകയും ചെയ്യുക.

4. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ തയ്യാറാക്കുകയും അവയുടെ പരിപാലനം ഉറപ്പുവരുത്തുകയും ചെയ്യുന്നതിനായി വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കുക.

5. ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കുകയും അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തുകയും ചെയ്യുക.

6. സമീപവിദ്യാലയങ്ങളിലെ അധ്യാപകരും, വിദ്യാർത്ഥികളും തമ്മിൽ ഊഷ്മളമായ ബന്ധം നിലനിർത്തത്തക്കവിധമുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന്.

7. അധ്യാപക ശാക്തീകരണത്തിനായി ഇൻ-സർവ്വീസ് കോഴ്സുകൾ, പ്രോഗ്രാമുകൾ എന്നിവ സംഘടിപ്പിക്കുകയും, വിദ്യാഭ്യാസ വിചക്ഷണരുടെ സേവനം വിദ്യാലയത്തിൽ ഉറപ്പാക്കുകയും ചെയ്യുക.

8. ഗോത്രവിഭാഗവിദ്യാർത്ഥികളെയും അന്യസംസ്ഥാന തൊഴിലാളികളുടെ മക്കളേയും ചേർത്തുനിർത്തിക്കൊണ്ട് ആകർഷകമാകുംവിധം പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ കാലാനുചിതമായ മാറ്റങ്ങൾ വരുത്തുക.

9. പൊതുസമൂഹത്തിന്റെയും രക്ഷിതാക്കളുടെയും സഹകരണത്തോടെ വിദ്യാലയം മികവിന്റെ കേന്ദ്രമായി മാറ്റുന്നതിന് ഭാഗമായി വർഷംതോറും പ്യാരിഡേ എന്ന പേരിൽ പേരൻസ് മീറ്റും ഗ്രാൻഡ് പാരൻസ് ഡേ എന്നിവയും നടത്തിവരുന്നു.

10. വിദ്യാർത്ഥികളിൽ ലഹരിയുടെ ഉപയോഗവും ലഭ്യതയും തടയുക.

11.സമ്പൂർണ്ണ ഗൃഹ സന്ദർശനം നടത്തി, എല്ലാ വിദ്യാർത്ഥികളുടെയും സമഗ്രമായ വിവരങ്ങൾ ഉൾപ്പെടുന്ന വ്യക്തിഗത പ്രൊഫൈൽ തയ്യാറാക്കുന്നു.

12."എല്ലാവരും എഴുതുന്നു എല്ലാവരും വായിക്കുന്നു" എന്ന പ്രൊജക്ടിലൂടെ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേകം സമയം കണ്ടെത്തി പരിശീലനം നൽകുന്നു.

13. LSS , USS സ്കോളർഷിപ്പുകൾക്ക് പ്രത്യേക പരിശീലനം നൽകുന്നു.

14. മൂല്യാവബോധം ഉറപ്പിക്കുന്നതിനായി എല്ലാ ആഴ്ച്ചയിലും സൻമാർഗ ക്ലാസുകൾ നൽകുന്നു.

# ദിനാചരണങ്ങൾ

പരിസ്ഥിതി ദിനം

വായന ദിനം

ലഹരി വിരുദ്ധ ദിനം

ലോക രക്തദാന ദിനം

ബഷീർ ദിനം

ചാന്ദ്രദിനം

ഹിരോഷിമ ദിനം

നാഗസാക്കി ദിനം

ക്വിറ്റ് ഇന്ത്യദിനം

സ്വാതന്ത്ര്യ ദിനം

കർഷക ദിനം

ഓണം

അധ്യാപക ദിനം

ഓസോൺ ദിനം

ഗാന്ധിജയന്തി

ദേശീയ തപാൽ ദിനം

കേരളപ്പിറവി ദിനം

മലയാള ഭാഷാ ദിനം

സ്കൗട്ട് &ഗൈഡ് സ്ഥാപക ദിനം

ശിശുദിനം

പഴശ്ശിരാജ ചരമദിനം

ലോക ഭിന്നശേഷി ദിനം

സായുധ പതാക ദിനം

ക്രിസ്തുമസ്

റിപ്പബ്ലിക് ദിനം

രക്തസാക്ഷിദിനം

ലോക ഹിന്ദിദിനം

ലോക സ്കൗട്ട് ദിനം

അന്താരാഷ്ട്ര വനിതാദിനം

ലോക വനവത്ക്കരണ ദിനം

ലോക ജലദിനം

# ഭാഷാവികസനം

## മലയാളം

- ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകളെ പ്രയോജനപ്പെടുത്തി ഭാഷാശേഷി വികസിപ്പിക്കുക
- എല്ലാ കുട്ടികളും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമായ ആശയവിനിമയശേഷി നേടിയെന്ന് ഉറപ്പാക്കുക.
- വിവിധ സാഹിത്യ രചനകൾ, സാഹിത്യകാരന്മാർ എന്നിവരെക്കുറിച്ച് ധാരണ ഉണ്ടാക്കുക.
- സാഹിത്യ രചനകൾ സ്വയം നടത്തുകയും, അവയെ വിലയിരുത്തുകയും, അവയുടെ വായനയിലേക്ക് മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന തരത്തിലുള്ള പ്രവർത്തനങ്ങളിൽ കുട്ടികൾ ഏർപ്പെടുക.
- ഭാഷയിലെ വിവിധ വ്യവഹാര രൂപങ്ങൾ അടുത്തറിയുക, അടുത്തറിഞ്ഞവയെ പ്രായോഗിക ജീവിതത്തിന് ഉതകും വിധം ക്രമീകരിക്കത്തക്ക പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- കഥാചർച്ചകൾ, കവിതാചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കുകയും, വായനയുടെയും എഴുത്തിന്റെയും ഉയർന്ന തലങ്ങളിലേക്ക് കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുക.

## ഇംഗ്ലീഷ്

- ആഴ്ചയിലൊരിക്കൽ, ബുധനാഴ്ച ഇംഗ്ലീഷിൽ മാത്രം അധ്യാപകരും കുട്ടികളും ആശയവിനിമയം നടത്തുക.
- എല്ലാദിവസവും ഒരു പുതിയ വാക്ക് പരിചയപ്പെടുത്തിക്കൊണ്ട് പ്രോഗ്രാം സംഘടിപ്പിക്കുക.
- സ്വതന്ത്ര വായനക്കും എഴുത്തിനും കുട്ടികളെ സജ്ജമാക്കുക.
- ആത്മവിശ്വാസത്തോടെ ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും ഒരുക്കുക.
- ഇംഗ്ലീഷ് കവിതകൾ കേൾക്കുന്നതിനും ചൊല്ലുന്നതിനും അവസരം ഒരുക്കുക.
- ലൈബ്രറിയിൽ ഇംഗ്ലീഷ് രചനകളുടെ വിതരണത്തിനും വായനക്കും അവസരം നൽകുക

## ഹിന്ദി

- രാഷ്ട്രഭാഷാ ബോധം കുട്ടികളിൽ ഉറപ്പിക്കുകയും, എഴുത്തിലും വായനയിലും പ്രാവണ്യം നേടത്തക്ക വിധം പഠനപ്രവർത്തനങ്ങൾ ക്രമീകരിക്കുകയും ചെയ്യുക.
- ഹിന്ദിയിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകുക.
- ഹിന്ദി ഭാഷയിൽ സംവാദങ്ങൾ സംഘടിപ്പിക്കുകയും സംസാരിക്കാൻ അവസരം നൽകുകയും ചെയ്യുക.
- ഹിന്ദി സാഹിത്യ രചനകൾ കുട്ടികളെ പരിചയപ്പെടുത്തുകയും, അവയുടെ രചനയിലേയ്ക്കുതകും വിധം പഠനപ്രവർത്തനങ്ങൾ ക്രമീകരിക്കുകയും ചെയ്യുക.

## ശാസ്ത്രം

- ശാസ്ത്ര ദിനാചരണങ്ങൾ.
- ശാസ്ത്ര മാഗസിനുകൾ.
- ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
- ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക.
- ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
- ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.

## സാമൂഹ്യശാസ്ത്രം

- ദിനാചരണങ്ങൾ ചർച്ചകൾ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ.
- പൈതൃക മൂല്യങ്ങളെക്കുറിച്ച് അറിവ് നേടുക.
- കുട്ടികൾക്ക് ട്രാഫിക് നിയമങ്ങളെക്കുറിച്ച് ബോധവൽക്കരണം നൽകുക.
- ജനാധിപത്യ വേദികൾ ഒരുക്കുക.

## ഗണിതം

- ഗണിതപൂക്കളരചന, പ്രദർശനം എന്നിവ സംഘടിപ്പിക്കുക.
- ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്ന് ഉറപ്പിക്കുക.
- ഒറിഗാമി പരിശീലനത്തിലൂടെ ജാമിതീയ രൂപങ്ങൾ പരിചയപ്പെടുത്തുക.
- ഗണിത ചിന്ത, യുക്തിചിന്ത എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ.സി.ടി സാധ്യതകൾ

- വിവരസാങ്കേതികവിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
- അറിവ് നിർമാണപ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക.
- കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം.

## പ്രവർത്തി പരിചയം

- നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വർദ്ധിപ്പിക്കുക.
- മലയാളം ഇംഗ്ലീഷ് ഭാഷകളിൽ ടൈപ്പിംഗ് പ്രാവീണ്യം ഉറപ്പാക്കൽ.
- ഇതര വിഷയ പഠനവുമായി പ്രവർത്തി പരിചയ അനുഭവത്തെ ബന്ധിപ്പിക്കുക.
- പാഴ് വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളും പ്രയോജനകരമായ മറ്റുൽപ്പന്നങ്ങളും ഉണ്ടാക്കുവാനുള്ള കഴിവ് വികസിപ്പിക്കുക.

## കലാപരിശീലനം

- പാഠഭാഗങ്ങളെ സംഗീതാത്മകമായി അവതരിപ്പിക്കുന്നതിനുള്ള പിന്തുണ ഉറപ്പാക്കുക.
- കലാഭിരുചി വളർത്തുക.
- സർഗാത്മക കഴിവുകൾ കണ്ടെത്തുക.
- ഓരോ കുട്ടിയും വ്യത്യസ്തനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക.

## ആരോഗ്യ-കായിക വിദ്യാഭ്യാസം

* കാമ്പസിനെ മാലിന്യമുക്തമാക്കുക.
* മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ അത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. എല്ലാ കുട്ടികൾക്കും കായിക ആരോഗ്യ ക്ഷമത ഉറപ്പാക്കുക.
* ആരോഗ്യ ശീലങ്ങൾ വളർത്തുക.
*വിദ്യാർത്ഥികളുടെ പ്രായത്തിന് ഉതകുന്ന കായികോപകരണങ്ങൾ ഉറപ്പുവരുത്തുക. ആരോഗ്യകരമായ ഭക്ഷണ ശീലങ്ങളിലൂടെ ജീവിതശൈലി രോഗങ്ങൾ അകറ്റിനിർത്തുന്നതിനുള്ള ബോധവൽക്കരണം ലഭ്യമാക്കുക.

## അറബിക്

- ഭാഷാ പഠനത്തിൽ ഐടിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും വികസിപ്പിക്കുവാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.
- വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യ മനോഭാവങ്ങൾ ഭാഷാ പഠനത്തിലൂടെ ഉറപ്പുവരുത്തുക.
- ലോകോത്തര ഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക.
- വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിൽ ഒരുക്കുക.
- കരിക്കുലം ലക്ഷ്യം വെയ്ക്കുന്ന അറബി ഭാഷാ പഠനം നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക.

# മലയാളം

## പ്രവർത്തനം - 1

### പേര് : ഭാഷ കേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം, ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ,കവിത, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു.<br>1. ഭാഷ കേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു.<br>2 വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്കുകളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |

## പ്രവർത്തനം : 2

### പേര് : വാർത്താ ലോകത്തേക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുന്നു. | പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും, പ്രതികരണശേഷി വളർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം / ക്ലാസ് അധ്യാപകർ. | |

## പ്രവർത്തനം : 3

**പേര് : സംവാദം/ മുഖാമുഖം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുള്ള അനുകൂല മനോഭാവം വളർത്തുക വഴി കുട്ടികളുടെ സർഗ്ഗശേഷി വളർത്തൽ. | സാഹിത്യകാരന്മാർ എഴുത്തുകാരന്മാർ കലാകാരന്മാർ എന്നിവയുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ടു പ്രാവശ്യം | മലയാളം അധ്യാപകർ | |

## പ്രവർത്തനം : 4

**പേര് : ഇ-കമ്പ്യൂട്ടറിംഗ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മലയാളം കമ്പ്യൂട്ടറിൽ പരിജ്ഞാനം നേടുകയും സർഗ്ഗശേഷി വളർത്തുകയും ചെയ്യുന്നു. | മുഴവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടർ പരിശീലിപ്പിക്കുകയും ഈ മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | വർഷാവസാനം വരെ | ക്ലാസ്സ് അധ്യാപകർ | |

## പ്രവർത്തനം 5

**രംഗാവിഷ്കാരം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| കുട്ടികളുടെ കലാ - വാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്ന വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റു കലാകാരന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ നടത്തുന്നു. | അധ്യയന വർഷം | മുഴുവൻ അധ്യാപകരും | |

## പ്രവർത്തനം : 6

## പേര് : അസംപ്ഷൻ എഫ്.എം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| കുട്ടികളുടെ ആകാശവാണി അവതരണം മികവ് | വിശേഷദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്ന വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനക്കുറിപ്പ് അവതരണം, ഓരോ ആഴ്ചയും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒന്ന് | ക്ലാസ്സ് ലീഡർ, സ്കൂൾ ലീഡർ, അധ്യാപകർ. | |

# ENGLISH -UP

| Aim | Activities | Time | Responsible Person | Economic Sourse |
|---|---|---|---|---|
| 1. To encourage Listening & Speaking.<br><br>2. To encourage reading | **Book Talk**<br>Students present a short talk about a book they read – explaining the story, characters, and what they liked.<br><br>**Extempore**<br>Students are given simple topics to present a small speech.<br><br>**English Skit**<br>Students perform short skits in English on topics like friendship, honesty, or classroom events.<br><br>**Tongue Twister Challenge**<br>Fun activity to improve pronunciation through English tongue twisters. (Eg: She sells sea shells...)<br><br>**Interview a Friend**<br>Pairs of students ask and answer questions about each other to develop questioning and answering skills.<br><br>**Reading Competition**<br><br>**Reading corner**<br>A collection of English reading materials to improve the reading habits of students. | June - march | English Teachers | English Club |

| | | | | |
|---|---|---|---|---|
| 3. To cultivate effective communication skills for various context.<br><br><br><br><br><br><br><br>4. To develop Writing skills.<br><br><br><br><br><br>5. To expand vocabulary. | **<u>Communicative English workshop</u>**<br>Encourage learners to speak English through fun filled activities.<br><br>**<u>English Skit</u>**<br>Students perform short skits in English on topics like friendship, honesty, or classroom events.<br><br>**<u>Slogan writing ,Story & Poem writing.</u>**<br>It enhances their creative writing.<br><br><br><br>**<u>Word Ladder Game</u>**<br>A vocabulary game where students change one letter at a time to form a new word (e.g., cold → cord → card → hard).<br><br>**<u>Charades</u>**<br>A word guessing game where one player acts out a word or phrase without speaking, and the other players try to guess what it is. | | | |

# സയൻസ് - യു പി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ശാസ്ത്ര പ്രക്രിയ ശേഷി വർദ്ധിപ്പിക്കുക, ആധുനികശാസ്ത്ര ഉപകരണങ്ങൾ പരിചയപ്പെടുക .<br><br>2. അനുദിന ജീവിത സാഹചര്യങ്ങളിൽ നിന്നും പ്രകൃതിയിൽ നിന്നും സസ്യങ്ങളെയും പ്രത്യേകിച്ച് ഔഷധസസ്യങ്ങളുടെയും തിരിച്ചറിയൽ.<br><br>3. ലഹരി എന്ന മഹാവിപത്തിന്റെ ഉപയോഗം കൊണ്ട് വരാൻ സാധ്യതയുള്ള ആരോഗ്യ പ്രശ്നങ്ങളെ കുറിച്ചുള്ള ബോധവൽക്കരണം | ആധുനിക ശാസ്ത്ര ലോകത്തിന്റെ പുതിയ കണ്ടുപിടുത്തങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു .<br><br>കുട്ടികളിൽ പ്രകൃതി സ്നേഹവും പരിസ്ഥിതി ബോധവും ജനിപ്പിക്കാൻ ഒരു പച്ചക്കറി തോട്ടവും ഔഷധത്തോട്ടവും സ്കൂളിൽ നിർമ്മിക്കുന്നു.<br><br>പോസ്റ്റർ നിർമ്മാണം, മുദ്രാവാക്യം രചന എന്നീ പ്രവർത്തനങ്ങൾ ക്ലാസ് തലത്തിൽ നടത്തുന്നു<br><br>അധ്യാപകർക്കും കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ, സയൻസ് അദ്ധ്യാപകർ, സ്പെഷ്യൽ ടീച്ചേഴ്സ്, സയൻസ് ക്ലബ് | പി.ടി.എ, ഹെഡ്മാസ്റ്റർ, |
| 4. ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട അവബോധം സൃഷ്ടിക്കൽ | ഊർജ്ജ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | ഒക്ടോബർ | എനർജി ക്ലബ് | അധ്യാപകർ, എനർജി |

| | | | | |
|---|---|---|---|---|
| 5. പോഷകസമ്പന്നമായ ആഹാരം കഴിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കിക്കുന്നു | ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട ഓൺലൈൻ റിസോഴ്സുകളും വീഡിയോസും കുട്ടികളെ കാണിക്കുന്നു<br><br>കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഒരു സ്കിറ്റ് അവതരിപ്പിക്കുന്നു<br><br>വ്യക്തി ശുചിത്വത്തിന്റെയും ആഹാര ഭക്ഷണരീതിയെയും സംബന്ധിക്കുന്ന പുസ്തകങ്ങൾ ചേർത്തുവച്ച് ഒരു ശാസ്ത്ര ലൈബ്രറി രൂപീകരിക്കുന്നു. | | | ക്ലബ് |

# ഗണിതം

**പേര് : മാത്സ് മാജിക്**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പ് വരുത്തുന്നു.<br>2) ഗണിത മേള & ക്വിസ്, ടാലന്റ് സേർച്ച്, numats പരിശീലനം, ഗണിത പൂക്കളമത്സരം<br>3) ഗണിത ലാബ്<br>4) രസകരമായ | **ഗണിത ശില്പശാല.**<br>കളിരീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു (നമ്പർ കാർഡ്, മുത്തുകൾ, അബാക്കസ് etc)<br>**ഗണിത മേള**<br>ഗണിത ആഭിമുഖ്യമുള്ള കുട്ടികൾക്ക് വിവിധയിനങ്ങളിൽ മത്സരിക്കുന്നതിനും, അവ പ്രദർശിപ്പിക്കുന്നതിനുമുള്ള അവസരം സൃഷ്ടിക്കുന്നു. പ്രതിഭാധനരെ മത്സരത്തിനായി ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ, ഗണിത അദ്ധ്യാപകർ, സ്പെഷ്യൽ | പി.ടി.എ, ഹെഡ്മാസ്റ്റർ, മുൻസിപ്പാലിറ്റി |

| | | | | |
|---|---|---|---|---|
| ഗണിതശാസ്ത്രപഠനവും കരചലന ശേഷികളുടെ വികാസവും<br>5) ഗണിതശാസ്ത്ര പഠനത്തിൽ IT സാധ്യതകൾ പ്രയോജനപ്പെടുത്തൽ<br>6) വിവിധ ശേഷികളുടെ വികസനം | പരിശീലനം നൽകുന്നു.<br>കുട്ടികളും അധ്യാപകരും രക്ഷിതാക്കളും ചേർന്ന് തയ്യാറാക്കിയ പഠന പ്രവർത്തന ഉൽപ്പന്നങ്ങൾ പ്രത്യേകം സജ്ജീകരിക്കുന്നു. തുടർപ്രവർത്തനത്തിനായി പ്രവർത്തന സജ്ജമാക്കുന്നു.<br>ഗണിത പൂക്കളം, ജ്യോമെട്രിക്കൽ പാറ്റേണുകൾ, ഒറിഗാമി, ടാൻഗ്രാം തുടങ്ങിയവയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകുന്ന പ്രവർത്തനങ്ങൾ കുട്ടികളിലേയ്ക്കെത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | | ടീച്ചേഴ്സ്, ഗണിത ക്ലബ് | |

# ഹിന്ദി

## പ്രവർത്തനം : 1

### പേര് : ഈസി ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| യുപിതലത്തിലെ മുഴുവൻ വിദ്യാർഥികൾക്കും ഹിന്ദി വാക്യങ്ങൾ വായിക്കാൻ സാധിക്കുക | ഹിന്ദി ഗ്രന്ഥശാല ഒരുക്കൽ കോപ്പി ബുക്ക് | | ഹിന്ദി ക്ലബ് ഹിന്ദി ടീച്ചേഴ്സ്. | |

## പ്രവർത്തനം : 2

### പേര് : വായന കാർഡ് നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| സ്വതന്ത്ര വായനയ്ക്ക് സജ്ജമാക്കുക | വായന കാർഡുകൾ, അക്ഷര കാർഡുകൾ, മൃഗങ്ങൾ, പക്ഷികൾ, പഴങ്ങൾ, പച്ചക്കറികൾ തുടങ്ങിയവ അടങ്ങിയ കാർഡുകൾ ഒരുക്കൽ. | ഓഗസ്റ്റ് | ഹിന്ദി ക്ലബ്ബ്, ഹിന്ദി അധ്യാപകർ. | |

## പ്രവർത്തനം 3

## പേര് :ഹിന്ദി കോർണർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി ഫലപ്രദമായി വായിക്കുവാനുള്ള കഴിവ് വളർത്തുക | ഹിന്ദിയിൽ വാർത്തകൾ അറിയിക്കുന്നതിനും പുതിയ വാക്കുകൾ, സംഭാഷണങ്ങൾ എന്നിവ മനസ്സിലാക്കുന്നതിനും, ഹിന്ദി കോർണർ ഒരുക്കാം. | ജൂൺ - മാർച്ച് | ഹിന്ദി ക്ലബ്, ഹിന്ദി അധ്യാപകർ | |

## പ്രവർത്തനം : 4

## പേര് : ഹിന്ദി ദിനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി ഭാഷ പഠനത്തിലൂടെ ദേശസ്നേഹം, സംസ്കാരം എന്നിവ വളർത്തിയെടുക്കുക. | ഹിന്ദി ഗാനങ്ങൾ, ദേശഭക്തിഗാനങ്ങൾ തുടങ്ങിയവ പഠിക്കാൻ അവസരം നൽകൽ.<br>ഹിന്ദി രചന മത്സരങ്ങൾ, പോസ്റ്റർ നിർമ്മാണം. | ജൂൺ-മാർച്ച് | ഹിന്ദി ക്ലബ്, ഹിന്ദി അധ്യാപകർ | |

## പ്രവർത്തനം : 5

## പേര് : ഹിന്ദി ക്ലബ്ബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഹിന്ദി ഭാഷ പഠനം ലളിതവും രസകരവും ആകർഷകവുമായി മാറ്റുക. | സ്കൂൾ തീയേറ്ററുമായി ബന്ധപ്പെടുത്തി ഹിന്ദി കാർട്ടൂണുകൾ, ആനിമേഷൻ മൂവികൾ തുടങ്ങിയവ കാണുന്നതിനുള്ള അവസരങ്ങൾ | ജൂൺ -മാർച്ച് | ഹിന്ദി അധ്യാപകർ, ഹിന്ദി ക്ലബ്ബ് | |

# സോഷ്യൽ സയൻസ്

## പ്രവർത്തനം 1

## പേര് : പൈതൃക മൂല്യങ്ങളിലേക്ക് ഒരു തിരിഞ്ഞുനോട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഇന്ത്യയുടെ പൈതൃക മൂല്യങ്ങളെക്കുറിച്ച് ധാരണ ഉണ്ടാക്കുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ സന്ദർശനം, നാണയ ശേഖരണം, പുരാവസ്തു ശേഖരണം, ചിത്രശേഖരണം | ജൂൺ - ഫെബ്രുവരി | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്, സാമൂഹ്യശാസ്ത്ര അധ്യാപകർ | |

## പ്രവർത്തനം 2

## പേര് : സ്കൂൾ പാർലമെൻറ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യ വേദി കുട്ടികൾക്ക് | ജനാധിപത്യ രീതിയിൽ തെരഞ്ഞെടുപ്പ് നടത്തുന്ന ഭാരവാഹികളുടെ നേതൃത്വത്തിൽ സ്കൂൾ പാർലമെൻറ് നടത്തുന്നു. | ജൂലൈ, ഓഗസ്റ്റ് | സോഷ്യൽ സയൻസ് ക്ലബ്ബ് | |

## പ്രവർത്തനം 3

## പേര് :നേർക്കാഴ്ച

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ അവബോധം വളർത്തൽ, ചർച്ചകൾ, സംവാദങ്ങൾ, അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ, ചർച്ചകൾ, സംവാദങ്ങൾ | ജൂൺ ഡിസംബർ | സോഷ്യൽ സയൻസ് ക്ലബ്ബ്, സാമൂഹ്യശാസ്ത്ര അധ്യാപകർ | |

## പ്രവർത്തനം 4

## പേര് : അറ്റ്ലസ് നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലെയും കരിക്കുലം വിഭാവനം ചെയ്യുന്ന ശേഷികൾ | ഭൂപട വായനയ്ക്ക് സഹായകമായ രീതിയിൽ അറ്റ്ലസ് നിർമ്മിക്കുന്നു. പ്രാദേശിക ഭൂപടം തയ്യാറാക്കുന്നു | ജനുവരി | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# ഐ.ടി

## പ്രവർത്തനം : 1

## പേര് : കൈറ്റ് കിഡ്സ് @അസംപ്ഷൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | സ്കൂൾ വിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് യു.പി വിഭാഗം കുട്ടികൾക്കായി ഐ.ടി ക്ലബ്ബ് രൂപീകരണം | ജൂൺ | പി.എസ്. ഐ.ടി.സ ി | |

## പ്രവർത്തനം : 2

## പേര് : ടൈപ്പിംഗ് മാസ്റ്റർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാ ശേഷി വികസനത്തിനായി ആധുനിക സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തുക | ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ ടൈപ്പിംഗ് പ്രാവീണ്യം ഉറപ്പാക്കൽ | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചേഴ്സ് | |

**പ്രവർത്തനം : 3**

**പേര് : സ്മാർട്ട് ടീച്ചർ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവരസാങ്കേതിക വിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട ഐ.സി.ടി വിദ്യയുടെ സാധ്യതകൾ ശേഖരിക്കൽ, പരിചയപ്പെടുത്തൽ | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 4**

**പേര് : ഐ.ടി മേള**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | ഐടിമേളയ്ക്കായുള്ള പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ഓഗസ്റ്റ് | പി.എസ്. ഐ.റ്റി.സി | |

# ഉറുദു

## പേര്- ഉറുദു ഭാഷയിൽ ആശയവിനിമയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എഴുത്ത്, വായന പരിപോഷിപ്പിക്കുക | ചിത്ര വായന, വാക്കുകളും അർത്ഥവും പഠിപ്പിക്കുക, ചെറിയ സംഭാഷണങ്ങൾ, വ്യക്തിഗത, രചന, സംഘ രചന, വായനക്കൂട്ടം രൂപീകരിക്കൽ, വായനകർഡുകൾ, നിർമ്മാണം, കോപ്പിയെഴുത്ത്, പകർത്തിയെഴുത്ത് | ജൂൺ - മാർച്ച് | ഉറുദു ക്ലബ്ബ്, ഉറുദു ടീച്ചർ | |

# സംസ്കൃതം

## പേര്- സംസ്കൃത ശില്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംസ്കൃത ഭാഷ കൂടുതൽ സ്വായത്തമാക്കുക. | സംസ്കൃത ശിബിരം നടത്തപ്പെടുന്നു. ഒരു ദിനം ഒരു പദം പരിചയപ്പെടുത്തുന്നു. സുഭാഷിത ആലാപനം ,അക്ഷരകേളി,സംഖ്യ ക്രീഡ | ജൂൺ - ഫെബ്രുവരി | സംസ്കൃത അധ്യാപിക, സംസ്കൃതം ക്ലബ്ബ് | |

## ലഹരി വിരുദ്ധപ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) വിദ്യാർത്ഥികളിൽ ലഹരിയുടെ ഉപയോഗവും ലഭ്യതയും തടയുക. | • ജാഗ്രത സമിതി രൂപീകരണം,<br>• ബോധവൽക്കരണ ക്ലാസുകൾ<br>• കൗൺസിലിംഗ്<br>• കുട്ടികളുടെ രഹസ്യ സ്ക്വാഡ് രൂപീകരണം | ജൂൺ മൂന്നമാസത്തിനുള്ളിൽ ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ജാഗ്രത സമിതി | |

# LP

# Class 1

## Maths

**ജൂൺ, ജൂലൈ**

ലക്ഷ്യം: 1 മുതൽ 20 വരെ സംഖ്യകൾ എണ്ണാനും എഴുതാനും കഴിയുക.

സംഖ്യ പ്പാട്ട്

ഗണിത കളികൾ

My Number book

മഞ്ചാടി സഞ്ചി ഒരുക്കൽ

**ആഗസ്റ്റ്, സെപ്റ്റംബർ**

ലക്ഷ്യം: 1 മുതൽ 5 വരെ സംഖ്യാ വ്യാഖ്യാനം . വലുത് ,ചെറുത് തിരിച്ചറിയുക.

ആരോഹണ സംഖ്യ കാർഡ് കളി ക്രമം വസ്തുക്കൾ ഉപയോഗിച്ച് .

സംഖ്യ കാർഡ് കളി

ഡൈസ് കളി

**ഒക്ടോബർ, നവംബർ ,ഡിസംബർ**

ലക്ഷ്യം: 1 മുതൽ 10 വരെ സംഖ്യാ വ്യാഖ്യാനം.

പാറ്റേൺ നിർമ്മിക്കൽ

എണ്ണി നോക്കൽ

ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ

സംഖ്യാ കാർഡ് നിർമ്മാണം

ഗണിത കളികൾ

ഗണിത മൂല

**ജനുവരി ,ഫെബ്രുവരി ,മാർച്ച്**

**ലക്ഷ്യം:സംഖ്യകൾ കൂട്ടാനും കുറയ്ക്കാനും ധാരണ നേടുന്നു.**

പെൻസിൽ കളി

സംഖ്യാ പോക്കറ്റ്

പാമ്പും കോണിയും നിർമ്മിച്ച് കളി

## <u>English</u>

AIM-

To Listen , speak, Read & write English without any mistakes

Time:- June to march.

Activities: To Listen short stories and Simple conversations and respond accordingly .

### <u>Listening skills</u>

- Games, Action songs.
- Hello English Activities
- conversations.
- Class room interactions
- use ICT
- English cartoons

### <u>speaking skills:-</u>

- Identify the objects from the picture
- Identify the action words from the picture.
- simple language games
- Make simple description about the picture .
- picture reading,
- self introductions

August and september

## Develop the creative speaking

**Reading skills**

word cards

Action words

Find words

Rhyming words

TB Activities

**Writing Skills**

make word web

picture description

Word chain

Make words & Sentencess

Make riddles, conversations

Add more lines.

**Reading skills**

Simple reading cards

Picture reading

use ICT

**Writing Skills**

Description

Thoughts

*** December and January.**

Develop the creative speaking and writing.

Reading skills

- Reading cards
- Conversations , Stories use ICT
- Develop story
- role play

Writing Skills

*** February and march**

To improve the presentation power.

Reading Skills

Reading cards

Conversations, skit Stories

Develop story.

Writing Skills:

- Descriptions
- Thoughts

# Class 2

സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട് രണ്ടാം ക്ലാസിൽ നടത്തുന്ന പൊതുവായ പ്രവർത്തനങ്ങൾ:

* ഓരോ കുട്ടിയുടേയും സമ്പൂർണ ഭവനസന്ദർശനം നടത്തി ഓരോ കുട്ടിയെയും കുറിച്ചുള്ള സമഗ്ര പ്രൊഫൈൽ തയ്യാറാക്കൽ.

* "എല്ലാവരും എഴുതുന്നു എല്ലാവരും വായിക്കുന്നു എന്ന പ്രൊ ജക്റ്റുമായി ബന്ധപ്പെട്ട് ക്ലാസിലെ എല്ലാ കുട്ടികളെയും എഴുത്തിലും വായനയിലുമുള്ള പിന്നോക്കാവസ്ഥ പരിഹരിക്കാൻ മാനന്തവാടി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ C- Smiles -അധ്യാപകസഹായി പ്രയോജനപ്പെടുത്തു.വായന ലേഖന പ്രവർത്തനങ്ങൾ കൂടുതൽ എളുപ്പമാക്കുന്നു.

* സംയുക്ത ഡയറി,സ്വതന്ത്ര ഡയറിഎന്നിവ തയ്യാറാക്കൽ- ഇതിലൂടെ സ്വന്തം അനുഭവങ്ങൾ പറയാനും എഴുതാനും കഴിയുന്നു.

## മലയാളം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു

നല്ല വിദ്യാഭ്യാസത്തിൻ്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്സിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

മുന്നൊരുക്കം

പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തന ലക്ഷ്യം

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

ജൂൺ

ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)

ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ

. വായനാ സാമഗ്രികൾ നിർമിക്കൽ

വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

ജൂലൈ

ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിൻ്റെയും സാധ്യത ഉറപ്പാക്കുന്നു.

സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്റ്റ്

ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ

രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ

വീട്ടു ലൈബ്രറി ഒരുക്കൽ

ചിത്ര വിവരണം

വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്റ്റംബർ

വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ

വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ

വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ

വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

ഒക്ടോബർ

കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ

വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു

ഉദാ:- ആന

വലിയ ആന

കറുത്ത വലിയ ആന

നവംബർ

കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ

ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി

വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)

ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

ഫെബ്രുവരി

എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത്)

കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർച്ച്

വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.

ഇൻലൻ്റ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ

ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.

വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.

ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

# ഗണിതം

ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് " ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക .തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.

സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.

ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ

ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)

ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ

പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

മുന്നൊരുക്കം

ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രവർത്തന ലക്ഷ്യം

പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

ജൂൺ

1, 2, 3, 4 ......
1,3,5,7....
10,20,30,40,....
5,10,15,20....
2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ .

ജൂലൈ

ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിൻ്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.

ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ

പത്തിൻ്റെയും ഒന്നിൻ്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ (5+5 = 10, 10+10= 20)

ആഗസ്റ്റ്

വിവിധ പാറ്റേണുകൾ രൂപീകരിക്കൽ

സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ

99 നോട് 1 കൂട്ടിയാൽ 100

10 പത്തുകൾ ചേർന്നാൽ 100 ആകും

100 ഒന്നുകൾ ചേർന്നതാണ് 100

ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

സെപ്റ്റംബർ

ഗണിത ക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ

വിലവിവരപട്ടിക തയ്യാറാക്കൽ

ക്ലാസിലൊരുകട സ്കൂളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ ഉറപ്പിക്കുന്നു.

ഒക്ടോബർ

രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു

സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ

സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

5...10.... 15.... 20... 25

(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

നവംബർ

സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)

പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ

"ക്ലാസിനൊരു " കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ

നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യ രൂപീകരിക്കൽ

10 രൂപ +5 രൂപ = 15 രൂപ

നോട്ട് നാണയം

ഡിസംബർ

സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.

സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)

രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി

വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ

പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ

സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

ഫെബ്രുവരി

ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ

ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

മാർച്ച്

കലണ്ടർ പതിപ്പ് തയ്യാറാക്കൽ

കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ

കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ

കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.

ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക. Academic master plan

## **<u>English</u>**

Aim . : To speak, Read, & write English without any mistakes
Time - June ,July, August
June

Pretest
To develop listening skills & reading skills first
Listening skills
Games, Action songs Hello English activities,2 conversations, skit stories
Use ICT
Speaking skills
Descriptions, growing sentences , picture reading, picture description self introduction Assembly activities- speech , book review, quiz riddles,self introduction. School radio etc

July & August
Reading skills
News paper reading, library books reading, book review, reading breaking news, find words. collect and read past tense,rhyming words, describing words etc Textbook activities

Writing skills
Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter Announcement, magazines

# Class 3

## പരിസരപഠനം

ലക്ഷ്യം: ശാസ്ത്രവബോധം വളർത്തുക

പ്രവർത്തനം

കണ്ടെത്താം അറിയാം ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു, കുറിപ്പ് തയ്യാറാക്കൽ

കാലം ജൂൺ, ജൂലൈ ആഗസ്റ്റ്

ചുമതല ക്ലാസ് ടീച്ചർ

'ലക്ഷ്യം: പ്രകൃതി വിഭവ സംരക്ഷണം പ്രവർത്തനം ജൈവവൈവിധ്യ പാർക്ക് തടയണ ,മഴക്കുഴി നിർമ്മാണം ജലസ്രോതസ്സുകൾ ,പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം

കാലം ജൂലൈ ഡിസംബർ

ചുമതല : SRG , ക്ലാസ് ടീച്ചർ, SMC

ലക്ഷ്യം

ശാസ്ത്ര പരീക്ഷണങ്ങളിൽ താല്പര്യം ജനിപ്പിക്കൽ

" പ്രവർത്തനം ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം പരീക്ഷണം വീടിനകത്തും

ശാസ്ത്ര മാസികകൾ

കാലം ജനവരി ഫെബ്രുവരി മാർച്ച്

ചുമതല: രക്ഷിതാക്കൾ, ക്ലാസ് ടീച്ചർ , രക്ഷിതാക്കൾ

# English

AIM- To speak, Read & write English without any mistakes
Time:- June to march.
To check the vocabulary and writing skills of pupils.
Activities
June and July

Pre - test

To develop listening skills and reading skills.

Listening skills:

Games, Action songs.

- Hello English Activities
- conversations
- skit stories
- use ICT

speaking skills:-

Identify the naming words from the picture

- Identify the action words from the picture.

Make the simple sentences using the word about picture

Make simple description about the picture

-Growing sentences, . picture reading, self introductions

August and september

- Develop the creative speaking and writing

Reading skills

Books reading
Find words
Collect and read past tense
Rhyming words
TB Activities

Writing Skills

make word web

picture description

Word chain

Make words & Sentencess

Make riddles, conversations

Add more lines.

October and November
To express thoughts, feelings etc....

Reading skills

-Library book reading
- Conversations, skit, Stories, use ICT
Read notice
Develop story

Writing Skills

- Description
- Thoughts
* December and January.
Develop the creative speaking and writing.

Reading skills

- Library books reading
- Conversations ,skit Stories use ICT
- Develop story
- Reads dairy

Writing Skills

Dairy
Announcement

* February and march

To improve the presentation power.

Reading Skills

Library books reading
Conversations, skit Stories
Develop story.

Writing Skills:

- Dairy
- Descriptions
- Thoughts
- Exibition.

## മലയാളം

ഉദ്ദേശ്യം:

വിദ്യാർത്ഥികൾക്ക് ശുദ്ധമായി മലയാളം വായിക്കാനും, എഴുതാനും, സംസാരിക്കാനും കഴിയേണ്ടതാണ്.

കാലക്രമം:

ജൂൺ മുതൽ മാർച്ച് വരെ

ലക്ഷ്യങ്ങൾ:

ശബ്ദശേഖരം (Vocabulary) വർദ്ധിപ്പിക്കൽ

എഴുത്ത്, വായന, സംസാരശേഷി വർദ്ധിപ്പിക്കൽ

ജൂൺ & ജൂലൈ

Pre-test
നിർദേശങ്ങൾ പാലിക്കാനുള്ള ശേഷിയും വായനശേഷിയും വർദ്ധിപ്പിക്കുക

Activities
ഭാഷാ ഗെയിമുകൾ, ആക്ഷൻ സോംഗ്സ്

ഭാവാത്മക വായന

കഥപറയൽ

അധ്യാപിക ഭാവാത്മമായി പറയുന്ന കഥകൾ കേൾക്കൽ

ഐ.സി.ടി. (ICT) ഉപകരണങ്ങൾ ഉപയോഗിച്ച് കഥകളും പാട്ടുകളും കേൾക്കൽ

സംസാരശേഷി:

ചിത്രവായന

കടങ്കഥകൾ, പഴഞ്ചൊല്ല് ശേഖരണം, ക്ലാസ്സ് അവതരണം

അനുഭവ വിവരണം

ചിത്രത്തെ കുറിച്ച് വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുക

ചിത്ര വിവരണം

ഓഗസ്റ്റ് & സെപ്റ്റംബർ

ലക്ഷ്യം:

സൃഷ്ടിപരമായ എഴുത്തും സംസാരവുമുള്ള വിദ്യാർത്ഥികളെ വികസിപ്പിക്കുക

വായനശേഷി:

കഥാപുസ്തകങ്ങൾ വായിക്കുക

വായിച്ചതിൽ നിന്നും പുതിയ വാക്കുകൾ കണ്ടെത്തുക

പാഠപുസ്തകത്തി ലെ പ്രവർത്തനങ്ങൾ

എഴുത്ത്

വാക്കുകളുടെ വെബ് (Word Web) നിർമ്മിക്കുക

ചിത്ര വിവരണം

വാക്കുകളും വാക്യങ്ങളും നിർമ്മിക്കുക

ചോദ്യങ്ങൾ നിർമ്മിക്കുക, ചോദ്യോത്തരപ്പയറ്റ്

വാക്കുകൾ കൂട്ടിച്ചേർത്ത് കൂടുതൽ വരികൾ എഴുതുക

ഒക്ടോബർ & നവംബർ

ലക്ഷ്യം:

ആലോചനകളും വികാരങ്ങളും പ്രകടിപ്പിക്കാൻ കഴിയണം

വായനശേഷി:

ലൈബ്രറി പുസ്തകങ്ങൾ വായിക്കുക

കഥ, റോൾപ്ലേ, അനുഭവക്കുറിപ്പുകൾ

## ഗണിതം

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ഒന്നു മുതൽ ആയിരം വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുക.

മാസം : ജൂൺ

പ്രവർത്തനം: നറുക്കെടുക്കാം. സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു .. കിട്ടിയ സംഖ്യ വായിക്കാം .മറ്റുള്ളവർ സംഖ്യ എഴുതുന്നു.

ജൂൺ: 10 ചങ്ങാതിമാർ സംഖ്യ നറുക്ക് എടുക്കുന്നു കിട്ടിയ നറുക്കിലെ സംഖ്യ വായിച്ചശേഷം തുടർന്നുവരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം.

ജൂൺ to സെപ്റ്റംബർ പാറ്റേൺ പൂർത്തിയാക്കാം വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ.

ജൂൺ -ഓഗസ്റ്റ്

ക്രമത്തിൽ ആക്കാം വ്യത്യസ്ത സംഖ്യകൾ നൽകുന്നു .ആരോഹണ ക്രമം അവരോഹണ ക്രമം എഴുതുക

ലക്ഷ്യം രണ്ട്

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക നാലക്ക സംഖ്യകളെ വാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ

ജൂൺ :

കൂട്ടങ്ങളാക്കാം

ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം

കളി നോട്ട് ഉപയോഗിച്ച് 1 10 100 1000 ന്റെ കൂട്ടം ആക്കി മാറ്റാം .

ജൂൺ സെപ്റ്റംബർ ക്രമീകരിക്കാം

സംഖ്യകളെ അബാക്കസിൽ ക്രമീകരണം . അരവിന്ദ് ഗുപ്ത ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കാം.

ലക്ഷ്യം മൂന്ന്

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ചതിഷ്ക്രിയകൾ ഉറപ്പിച്ചിരുന്നു .

ജൂലൈ -ഫെബ്രുവരി ഭാഗ്യവാനെ കണ്ടെത്താം അധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തിരഞ്ഞെടുക്കുവാൻ അവസരം നൽകുന്നു ആരുടെ ഉത്തരമാണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം

ഓഗസ്റ്റ് -ഫെബ്രുവരി ജോഡി കണ്ടെത്താം വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തിരഞ്ഞെടുക്കുവാൻ അവസരം നൽകുന്നു കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരമാണെന്ന് കണ്ടെത്തി ആ കളത്തിൽ ഒട്ടിക്കാം ജൂലൈ മാർച്ച്

സംഖ്യ ചക്രം

സംഖ്യാ ചക്രം കറക്കി രണ്ട് സംഖ്യകൾ തെരഞ്ഞെടുക്കുന്നു അവ തമ്മിലുള്ള സംഘലനം വ്യവകലനം ഗുണനം ഹരണം എന്നിവ ചെയ്യുന്നു

# Class 4

## ഭാഷ

ലക്ഷ്യം: നാലാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും ഗണിതത്തിനും പരിസര പഠനത്തിലും ഇംഗ്ലീഷിലും അറബിയിലും ആസ്വാദ്യകരമായ പഠനം ഉറപ്പുവരുത്തുക.

പൊതു തത്വങ്ങൾ :

കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുള്ള പഠനം.

സർഗാത്മകത സ്വയം പഠനത്തിനും പ്രാധാന്യം.

സാമൂഹ്യവും പരിസ്ഥിതികവുമായ അവബോധം വളർത്തൽ. സാങ്കേതിക വിദ്യ യുടെ ഫലപ്രദമായ ഉപയോഗം.

കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

1. ഭാഷാ പഠനം.

പ്രവർത്തനം.

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ.

2. വായിക്കാം വളരാം.
3. ക്ലാസ് വായന.
4. എഴുതാം തെളിയാം.

ഇംഗ്ലീഷ്.

1. ഇംഗ്ലീഷ് അസംബ്ലി.
2. ഇംഗ്ലീഷ് ഡയറി.
3. ഡ്രാമ, സംഭാഷണം.
4. ഇംഗ്ലീഷ് ഫസ്റ്റ്.

## ഗണിതം.

1. വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ, നടപ്പാക്കൽ.
2. ഒറിഗാമിയിലൂടെ പഠിക്കാം.
3. ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം,

   പ്രദർശനം.
4. ഗണിത ലാബ്.
5. ഗണിതച്ചുമർ.
6. ഗണിത പഠനോപകരണ ശില്പശാല.

7. പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണ നിർമ്മാണം.

8. പ്രദർശനം,ഗണിത മേള.

9. പസിലുകൾ, പാറ്റേണുകൾ.

10. പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം.

## പരിസര പഠനം.

1. പ്രകൃതി നടത്തം.
2. പരിസര പഠനവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ.
3. ശാസ്ത്ര മൂല.
4. ശാസ്ത്രവുമായി ബന്ധപ്പെട്ട പരീക്ഷണ നിരീക്ഷണങ്ങൾ.
5. ഭൂപടം ഒരുക്കൽ.
6. കേരളം,ഇന്ത്യ ഭൂപട വായന.
7. ശാസ്ത്രോത്സവം.
8. ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ.
9. ശാസ്ത്ര മാസിക തയ്യാറാക്കൽ.

## അറബി

**അറബിക് ഭാഷയിൽ പിന്നോക്കംനില്കുന്ന കുട്ടികളെ പരിപോഷിക്കുവാനുള്ള പ്രത്യേക പരിപാടി..**

**പ്രവർത്തനം**

- ടെസ്റ്റ് നടത്തി പിന്നോക്കം നില്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.
- അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പൈൻ്റി അക്ഷരങ്ങൾ നല്കി കുട്ടികൾ നിറം നല്കുക..
- ഓരോ കുട്ടികള്ക്കും ഓരോ ടാബ് വീതം നല്കി ഇൻസ്റ്റാൾ ചെയ്ത അക്ഷര ഗൈമുകൾ നല്കുന്നു. അധ്യാപകൻ്റെ മേൽ നോട്ടത്തിൽ കുട്ടികൾ ഗൈമിലൂടേ ആസ്വദിച്ച് അക്ഷരങ്ങൾ പഠിക്കുന്ന
- പ്രത്യേകം തെയ്യാറാക്കിയ മൊഡ്യൂളിൻ്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് "അറബിക് മധുരം* ക്ലാസ് നല്കുക

**കാലയളവ്   2 മാസം**

- **ഭൗതികം :പുസ്തകങ്ങൾ. കമ്പ്യൂട്ടർ**
- **പിന്തുണ :ഡയറ്റ്, BRC, പൂർവ്വ വിദ്യാർത്ഥികൾ**

## 2. വായനാ ലോകം

കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ

നല്ലവായനക്കാരനാക്കുക

**പ്രവർത്തനം**

**1. തെരഞ്ഞെടുത്ത ലളിതമായഅറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി)**

**പുസ്തകങ്ങൾ:**

**ചിത്ര കഥ (അറബിക്)**

**കഥ പുസ്തകം (അറബിക്)**

**കുട്ടിക്കവിതകൾ (അറബിക്)**

**വിവരണ ബുക്കുകൾ (അറബിക്)**

**അറബിക് ക്വിസ്**

**2. ക്ലാസ്സ് വായന:**

**ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു**

**ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക**

**വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക**

**കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നല്കുക**

3. ആസ്വാദന ലോകം

**സർഗ വാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കൽ**

**പ്രവർത്തനം**

**1. ആസ്വാദന സഭ**

**പാടാനും പറയാനും കഴിയുന്ന മികച്ചപ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ അസ്വാദന സഭ... ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ അസ്വാദകരാവണം.....**

**2. കാഴ്ചയും കേൾവിയും:**

**നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽ.സി.ഡി പ്രോജക്റ്ററിന്റെ സഹായത്തോടെ കാണാനുള്ള അവസരം.**

**3. ഉദാഹരണം:**

**ഖുർആൻ കഥകൾ, ഗുണപാഠ കഥകൾ,ആനിമേഷൻ വിഡിയോകൾ, ധാർമിക കഥകൾ, ഡോക്യുമെൻററികൾ**

**പ്രവർത്തനം**

**. വിദേശ ഭാഷ പഠനം ഏറ്റവുംസാധ്യമാവുക ഭാഷാന്തരീക്ഷം സൃഷ്ടിക്കുമ്പോഴാണ്. അറബി ഭാഷാ പഠനത്തിനു ലാംഗ്വേജ് ലാബ് ഉപയോഗപ്പെടുത്തുന്നു.**

**തനതായ അറബി ഭാഷാ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വിഡിയോകൾ കേൾക്കാനും കാണാനും സൗകര്യം ഉണ്ടാക്കുക.**

**ഓരോരുത്തർക്കും (ഓരോ കമ്പ്യൂട്ടർ)/ എൽ.സി.ഡി. പ്രോജക്റ്ററിന്റെ സഹായത്തോടെ പഠനപ്രവർത്തനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുത്ത വീഡിയോകൾ/പാട്ടുകൾ/ കഥകൾ/ സംഭാഷണങ്ങൾ കാണാനും കേൾക്കാനും അനുഭവിക്കുവാനുമുള്ള അവസരം.**

5. അറബിക് അസംബ്ലി

**ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക**

**ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക**

**ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക**

**പുസ്തകം പരിചയപ്പെടുത്തൽ**

**സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ**

# ഭൗതിക സാഹചര്യ വികസനം

| ക്രമ. ന. | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തിക വിശകലനം |
|---|---|---|---|
| 1 | എല്ലാ ക്ലാസുകളിലും ഇൻ്ററാക്ടീവ് ബോർഡ് | 2026 മാർച്ച്, ഏപ്രിൽ, മെയ് | സ്കൂൾ വെൽഫെയർ കമ്മറ്റി |
| 2 | ചെറിയ ക്ലാസ്സുകളിൽ ആകർഷകമായ ഡസ്കുകളും ബഞ്ചുകളും | 2026 - ഏപ്രിൽ മെയ് | സ്കൂൾ വെൽഫെയർ കമ്മറ്റി |
| 3 | ചിൽഡ്രൻസ് പാർക്ക് | 2025 - 26 | അവൈലബിൾ ഫണ്ടിംഗ് ഏജൻസി |
| 4 | ക്ലാസ് മുറികളും ഓഫീസ് ഫ്രണ്ട് ഓഫീസും ലൈബ്രറിയും, ലാബുകളും അടങ്ങിയ പുതിയ സ്കൂൾ ബിൽഡിംഗ് | 2025 - 28 | കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസി |
| 5 | സ്കൂൾ ഗ്രൗണ്ട് നവീകരണം | 2025 - 26 | സ്കൂൾ വെൽഫെയർ കമ്മറ്റി |
| 6 | പാചകപ്പുര | ജൂൺ - മാർച്ച് | പിടിഎ |
| 7 | സ്കൂൾ ബസുകൾക്കുള്ള പ്രവേശന കവാടം കോൺക്രീറ്റ് ചെയ്യൽ | 2025 - 26 | അവൈലബിൾ ഫണ്ടിംഗ് ഏജൻസി |
| 8 | വിപുലീകരിച്ച ടോയ്‌ലറ്റ് സൗകര്യങ്ങൾ | 2025 - 26 | മുൻസിപ്പാലിറ്റി |
| 9 | സ്കൂൾ ഓഡിറ്റോറിയം | 2025 - 28 | സ്കൂൾ മാനേജ്മെൻ്റ് |

# <u>മികവുകൾ</u>

* 33 USS, 13 LSS നേടി അസംപ്ഷൻ എയുപി സ്കൂൾ ജില്ലയിൽ ഒന്നാമതായി.

* യു പി ഗണിതശാസ്ത്രമേള, എൽ പി ശാസ്ത്രമേള, യു പി ശാസ്ത്രമേള, സംസ്കൃതോത്സവം, അറബി കലോത്സവം, എൽ പി,യു പി കലാമേള സാമൂഹ്യ ശാസ്ത്രമേള എന്നിവയിൽ ഓവറോളും എൽ പി ഗണിതശാസ്ത്രമേളയിൽ റണ്ണറപ്പും, യു പി പ്രവൃത്തി പരിചയമേളയിൽ മൂന്നാം സ്ഥാനവും നമ്മുടെ വിദ്യാലയം കരസ്ഥമാക്കി.

* സുഗമ ഹിന്ദി പരീക്ഷയിൽ 100% വിജയം.

* മാതൃഭൂമി സീഡ് പുരസ്കാരങ്ങളിൽ ജില്ലയിൽ ഹരിത വിദ്യാലയ പുരസ്കാരത്തിൽ ഒന്നാം സ്ഥാനവും പഴയ കതിര് പുതിയ കൈകളിൽ അവാർഡ്, ബെസ്റ്റ് സ്റ്റുഡന്റ് റിപ്പോർട്ടർ അവാർഡ് എന്നിവ കരസ്ഥമാക്കുകയും സീഡ് പ്രവർത്തനങ്ങളിൽ വയനാട് ജില്ലയിൽ രണ്ടാം സ്ഥാനം നേടുകയും ചെയ്തു.

* മലയാള മനോരമ നല്ല പാഠം ഏർപ്പെടുത്തിയ കൃഷി അവാർഡ് കരസ്ഥമാക്കി. നല്ലപാഠം പ്രവർത്തനങ്ങൾക്ക് ജില്ലയിൽ രണ്ടാം സ്ഥാനവും ലഭിച്ചു.

# ഉപസംഹാരം

അസംപ്ഷൻ സ്കൂളിലെ ഓരോ വിദ്യാർത്ഥിയുടെയും സമഗ്രമായ വികസനം ലക്ഷ്യം വെച്ചുകൊണ്ട് തയ്യാറാക്കിയിട്ടുള്ളതാണ് 2025-26 ലെ അക്കാദമിക മാസ്റ്റർ പ്ലാൻ. പഠനത്തിലും പാഠ്യേതര പ്രവർത്തനങ്ങളിലും മൂല്യാവബോധത്തിലും നമ്മുടെ കുട്ടികൾ മിടുമിടുക്കരാകണം. അധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും പൊതുസമൂഹവും തോളോട് തോൾ ചേർന്ന് പ്രവർത്തിച്ചാലെ ഈ സ്വപ്നം പൂവണിയൂ. അങ്ങനെ നന്മയുടെ നാളങ്ങളാകാൻ...നാളെയുടെ വാഗ്ദാനങ്ങളാകാൻ..നമ്മുടെ കുരുന്നുകൾക്ക് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സഹായകമാകുമെന്ന് നമുക്ക് വിശ്വസിക്കാം.